പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6882

13/07/2012-ൽ
മറുപടിയ്ക്കു്

**ദേവസ്വം ജീവനക്കാർക്കുള്ള ക്ഷേമനിധി പദ്ധതി**

ചോദ്യം
ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ദേവസ്വം ജീവനക്കാർക്കായി നടപ്പിലാക്കിയ ക്ഷേമനിധി പദ്ധതി നടത്തിപ്പിലെ ആശയക്കുഴപ്പം പരിശോധിച്ചിട്ടുണ്ടോ; | (എ) & (ബി) | തിരുവിതാംകൂർ, കൊച്ചിൻ എന്നീ ദേവസ്വം ബോർഡുകളിലെ ജീവനക്കാർക്കായി ക്ഷേമനിധി പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാർക്കായി മലബാർ ടെമ്പിൾ എംപ്ലോയീസ് വെൽഫെയർ ഫണ്ട് എന്ന പേരിൽ ക്ഷേമനിധി പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി നടത്തിപ്പിൽ ആശയക്കുഴപ്പം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | | |
| (സി) | ക്ഷേമനിധിയിൽ പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഇനിയും കൃത്യതയില്ലാത്തത് പരിശോധിക്കുമോ; | (സി) | മലബാർ ദേവസ്വം ബോർഡിന്റെ ക്ഷേമനിധിയിൽ പെൻഷനും മറ്റു സഹായധനവും കൃത്യമായും മാതൃകാപരമായും വിതരണം ചെയ്തുവരുന്നു. |
| (ഡി) | ക്ഷേമ നിധിയുടെ ജില്ലാ ഓഫീസുകളിൽ ഉദ്യോഗസ്ഥരില്ലാതെ പദ്ധതി അവതാളത്തിലാകുന്നത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | മലബാർ ദേവസ്വം ബോർഡിന്റെ കീഴിലെ ക്ഷേമനിധി പദ്ധതിയ്ക്ക് ജില്ലാ ഓഫീസുകളില്ല. 6 ജില്ലകൾക്കായി കോഴിക്കോട് ആസ്ഥാനമായി ക്ഷേമനിധിയുടെ ഒരു ഓഫീസ് മാത്രമാണ് പ്രവർത്തിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ